ചാർജ്ജാണ് മാസംതോറും അടച്ചുകൊണ്ടിരിക്കുന്നത്. ആറ് മാസത്തിലൊരിക്കൽ ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് എടുക്കുമ്പോൾ ഇൻവോയിസ് കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ വൈദ്യുതി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അധികമുപയോഗിച്ച വൈദ്യുതി കണക്കാക്കി അതിനുള്ള അഡീഷണൽ ബിൽ നൽകാറുണ്ട്. അധികമായി വൈദ്യുതിയുപയോഗിക്കുന്ന ഉപഭോക്താക്കൾക്കു മാത്രമേ ഇപ്രകാരം അഡീഷണൽ ബിൽ നൽകാറുള്ളൂ. സ്പോട്ട് ബില്ലിംഗ് സമ്പ്രദായം എല്ലാ സെക്ഷനുകളിലും നടപ്പാക്കുന്നതോടുകൂടി ഈ ബുദ്ധിമുട്ട് പൂർണ്ണമായും പരിഹരിക്കാൻ കഴിയുമെന്ന് കണക്കാക്കികൊണ്ട് ഏപ്രിൽ മാസം മുതൽ കേരളത്തിലെ എല്ലാ നഗരസഭാ തലത്തിലേക്കുംകൂടി സ്പോട്ട് ബില്ലിംഗ് സമ്പ്രദായം വികസിപ്പിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചിട്ടുള്ള ലോടെൻഷൻ ഉപഭോക്താക്കൾ പ്രതിമാസമുപയോഗിക്കുന്ന വൈദ്യുതി ചാർജ്ജിന്റെ മൂന്നിരട്ടി വരുന്ന തുക സെക്യൂരിറ്റി ക്യാഷ് ഡെപ്പോസിറ്റായി കെട്ടിവയ്ക്കണമെന്നാണ് കണ്ടിഷൻസ് ഓഫ് സപ്ലൈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആദ്യമായി കണക്ഷൻ നൽകുമ്പോൾ ഉപഭോക്താവ് ഏകദേശം ഉപയോഗിക്കാവുന്ന വൈദ്യുതി ചാർജ്ജിന്റെ മൂന്നിരട്ടിയോളം വരുന്ന തുകയാണ് ക്യാഷ് ഡെപ്പോസിറ്റായി സ്വീകരിക്കുന്നത്. അതനുസരിച്ച് കൂടുതൽ വൈദ്യുതി ഉപയോഗിക്കുമ്പോഴും താരിഫ് പരിഷ്ക്കരിക്കുമ്പോഴും ക്യാഷ് ഡെപ്പോസിറ്റ് തുക വർദ്ധിപ്പിക്കേണ്ടി വരുന്നതുകൊണ്ടും ഉപഭോക്താക്കൾക്ക് രേഖാമൂലം നോട്ടീസ് നൽകാറുണ്ട്. കൺസ്യൂമറുടെ ബുദ്ധിമുട്ടൊഴിവാക്കാൻ ഈ സി.ഡി. തുക അധികമാണെങ്കിൽ തവണകളായി എടുക്കുന്നതിനും ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവിടെ പറഞ്ഞ രണ്ടു കാര്യങ്ങളും കണ്ടീഷൻസ് ഓഫ് സപ്ലൈ ആക്റ്റനുസരിച്ച് ചെയ്യുന്ന കാര്യമാണ്. നടപടി ക്രമമേതെങ്കിലും തരത്തിൽ ലംഘിച്ചുകൊണ്ട് കരുതിക്കൂട്ടിയോ, മനപ്പൂർവ്വമോ ഒരു കൺസ്യൂമറെ പീഡിപ്പിക്കുന്ന പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്രത്യേകം ചൂണ്ടിക്കാണിച്ചാൽ അത് പരിശോധിച്ച് കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

(19) ഹർത്താൽ ദിവസം എസ്.എസ്.എൽ.സി പരീക്ഷയെഴുതാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് വീണ്ടും പരീക്ഷയെഴുതുവാൻ ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഹർത്താൽ മൂലം വളരെയധികം വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷ എഴുതാൻ സാധിക്കാതെവന്നു. ഈ പ്രശ്നത്തെക്കുറിച്ച് സഭയിൽ സബ്മിഷൻ ഉന്നയിച്ചപ്പോൾ ഇരുന്നൂറിൽ താഴെ വിദ്യാർത്ഥികൾക്കുമാത്രമേ പരീക്ഷയെഴുതുവാൻ കഴിയാതിരിന്നിട്ടുള്ളൂവെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. എല്ലാ സ്ഥലത്തേയും വിവരങ്ങളറിഞ്ഞതിനുശേഷം സഭയിൽ വിവരങ്ങൾ ധരിപ്പിക്കാമെന്നാണ് മന്ത്രി പറഞ്ഞത്. പക്ഷെ മന്ത്രി നേരിട്ട് വിവരങ്ങൾ സമർപ്പിക്കുന്നതിനുപകരം ബഹുമാനപ്പെട്ട സ്പീക്കറെ ചുമതലപ്പെടുത്തി. അതൊരു നല്ല കീഴ്വഴക്കമല്ല. ഇപ്പോൾ 30-ാം തീയതി പരീക്ഷവച്ചിരിക്കുകയാണ്. 30-ാം തീയതി പരീക്ഷ നടത്തുന്നതിനുള്ള നടപടിക്രമങ്ങളെന്തെല്ലാമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഹാൾടിക്കറ്റിനെക്കുറിച്ചൊക്കെ വലിയ ആശങ്കയുണ്ട്. 30-ാം തീയതിയിലെ പരീക്ഷയുടെ സംവിധാനങ്ങളെന്തെല്ലാമാണ്. പല സ്ഥലത്തായി വിദ്യാർത്ഥികൾ ചിതറി കിടക്കുകയാണ്. അപ്പോൾ എന്തൊക്കെ നടപടിക്രമങ്ങളാണ് ഗവൺമെന്റ് ഈ കാര്യത്തിലേർപ്പെടുത്തിയിരിക്കുന്നത് ? അന്ന് പരീക്ഷയ്ക്കു ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് ഹാൾടിക്കറ്റ് കൊടുക്കാനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ ? അവർക്ക് പരീക്ഷയെഴുതുവാൻ പറ്റുന്ന തരത്തിലുള്ള നടപടിക്രമങ്ങളേർപ്പെടുത്തിയിട്ടുണ്ടോ, ഇത്തരം കാര്യങ്ങൾ സഭയിലറിയിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്) : സർ, ഞാൻ അന്ന് പറയുവാൻ തയ്യാറായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കർക്കും പ്രതിപക്ഷ നേതാവിനും എഴുതിക്കൊടുത്തു.

ശ്രീ. എ. കെ. ആന്റണി : സർ, ആ നമ്പറിന്റെ പ്രശ്നം മാത്രമല്ല, അന്ന് പരീക്ഷയ്ക്ക് ഹാജരാകാതിരുന്ന വിദ്യാർത്ഥികൾക്ക് 30-ാം തീയതി പരീക്ഷയെഴുതുവാനുള്ള ക്രമീകരണങ്ങൾ പൂർത്തിയായിട്ടുണ്ടോ.? അവരുടെ ഹാൾടിക്കറ്റ് കൊടുക്കുന്നതിന് തടസ്സങ്ങളുണ്ടോ ? അവർക്ക് യാതൊരു തടസ്സവുമില്ലാതെ 30-ാം തീയതി പരീക്ഷയെഴുതുവാനുള്ള എന്തെല്ലാം ക്രമീകരണങ്ങളേർപ്പെടുത്തിയെന്നുള്ളതറിയാൻ താല്പര്യമുണ്ട്.

ശ്രീ. പി. ജെ. ജോസഫ് : സർ, അന്ന് പരീക്ഷ മാറ്റിവയ്ക്കാനുണ്ടായ സാഹചര്യവും ഇന്ന് നടത്തേണ്ടതായി വന്ന സാഹചര്യമാണ് പറയുന്നത്. 31-ാം തീയതി സ്കൂൾ അടയ്ക്കുകയെന്നത് വർഷങ്ങളായി നടക്കുന്ന ഒരു രീതിയാണ്. 17-ാം തീയതികൂടി അവധി പ്രഖ്യാപിക്കേണ്ടിവരുന്നതുകൊണ്ടാണ് 24-ാം തീയതി അവസാനിക്കേണ്ടിയിരുന്ന എസ്.എസ്.എൽ.സി പരീക്ഷ 27-ാം തീയതികൂടി വയ്ക്കേണ്ടതായി വന്നത്. എട്ട്, ഒൻപത് എന്നീ ക്ലാസ്സുകളിൽ 30-ാം തീയതി പരീക്ഷയവസാനിക്കുന്ന രീതിയുണ്ടായിരുന്നു. 27-ാം തീയതിക്കുശേഷം എട്ട്, ഒൻപത്, ക്ലാസ്സുകാർക്ക് രാവിലേയും ഉച്ചകഴിഞ്ഞും പരീക്ഷയുണ്ട്. അപ്പോൾ അത് മാറ്റിവച്ചാൽ 31-ാം തീയതിയ്ക്കപ്പുറത്തേയ്ക്ക് ക്ലാസ്സുകൾ നീട്ടേണ്ടതായി വരും. എസ്.എസ്.എൽ.സി. പരീക്ഷയുടെ വാല്യൂവേഷൻ ക്യാമ്പുകൾ 3-ാം തീയതി ആരംഭിക്കുകയാണ്. അങ്ങനെയുള്ള പല പ്രായോഗികമായ ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് ഇത് എങ്ങനെയെങ്കിലും നടത്തണമെന്ന് തീരുമാനിച്ചത്. അക്കാര്യത്തിൽ രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കുമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളിൽ തീർച്ചയായും ഈ ഗവൺമെന്റിന് ഖേദമുണ്ട്. മാറ്റിവയ്ക്കാൻ കഴിയാത്ത ഒരു സാഹചര്യമുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്തത്. ഇപ്പോൾ പരീക്ഷയെഴുതാൻ കഴിയാതിരുന്ന കുട്ടികളെ സംബന്ധിച്ച് അപ്പോൾ തന്നെ എല്ലാ ജില്ലയിലും വേണ്ട നിർദ്ദേശങ്ങൾ ഡി.ഇ.ഒ മാർക്കും ഡി.ഡിമാർക്കും കൊടുത്തിട്ടുണ്ട്. ഇപ്പോഴുണ്ടാക്കിയിരിക്കുന്ന ക്രമീകരണം അഞ്ച് കുട്ടികളെങ്കിലും പരീക്ഷയെഴുതാനുള്ള സ്കൂളുകളെല്ലാം സെന്ററുകളാക്കിയിരിക്കുകയാണ്. അപ്പോൾ എല്ലാപേർക്കും വരാൻ കഴിയും. ചില വിദ്യാർത്ഥികൾ അകലെനിന്നും വരേണ്ടതായിട്ടുള്ളതുകൊണ്ട് 10

LIBRARY ARCHIVES Kerala Legislative Assembly

മണിയെന്നുള്ളത് 11.00 മണിയാക്കി. അപ്പോൾ 11.00 മണിമുതൽ 1.00 മണിവരെയാണ് പരീക്ഷ നടത്തുന്നത്. ലിസ്റ്റ് ഇവിടെ കൊടുത്തിട്ടുള്ളതുകൊണ്ട് ഞാൻ ഇപ്പോൾ വായിക്കുന്നില്ല. പല ദിവസങ്ങളിലും ആബ്സന്റീസുണ്ടായിരുന്നു. 15/3-ന്റെയും 20/3-ന്റെയും കണക്കാണ് എടുത്തിരുന്നത്. 15-ാം തീയതി തിരുവനന്തപുരം ജില്ലയിൽ 10 കുട്ടികൾ ആബ്സന്റായിരുന്നു. 20-ാം തീയതി 14 പേർ ആബ്സന്റായിരുന്നു. രണ്ട് മൂന്ന് സ്ഥലങ്ങളിലാണ് ആബ്സന്റീസ് കൂടുതലുള്ളത്. കോഴിക്കോടും വയനാടുമൊക്കെ ഞാൻ പോയി അന്വേഷിച്ചു. അവിടെയൊക്കെ കുട്ടികൾ മുൻപൂർവ്വം പരീക്ഷയ്ക്ക് പോകാതിരുന്ന ഒരുസ്ഥിതിയാണുണ്ടായിരുന്നത്. ഒരുപക്ഷെ കുടുബാംഗങ്ങൾ ബന്ദിനനുകൂലമായിരുന്നതുകൊണ്ടായിരിക്കാം അങ്ങനെ വന്നത്. കോഴിക്കോട് ജില്ലയിലെ വടകരയിലാണ് വലിയ മാറ്റം. 15-ാം തീയതി 398 പേർ, 20-ാം തീയതി 572 പേർ. അങ്ങനെ 174 പേരുടെ വ്യത്യാസം. കോഴിക്കോട് 58 പേർ, വയനാട്ടിൽ രണ്ടു ദിവസത്തെ വ്യത്യാസം 118 പേർ, തലശ്ശേരിയിൽ 60. മറ്റ് ഭാഗങ്ങളിൽ 15-ാം തീയതിയും 20-ാം തീയതിയും തമ്മിലുള്ള വ്യത്യാസം നോക്കുമ്പോൾ സ്വാഭാവികമായും വന്ന വളരെ ചെറിയ വ്യത്യാസമേയുള്ളൂ. ഏതായാലും 5 കുട്ടികളെങ്കിലും ഉള്ള സ്കൂളുകളെ സെന്റർ ആക്കിയിട്ടുണ്ട്. അതുപോലെ ഈ കുട്ടികളെയെല്ലാം നേരിട്ട് അതാതു സ്കൂളുകളിൽനിന്ന് അറിയിക്കാനുള്ള ഏർപ്പാടും ചെയ്തിട്ടുണ്ട്. ഞാൻ ഇന്നലെയും കണ്ണൂരിൽ ഉണ്ടായിരുന്നു. വേണ്ട ക്രമീകരണങ്ങളെല്ലാം ചെയ്തിട്ടുണ്ടെന്നാണ് കണ്ണൂർ ഡി.ഡി. പറഞ്ഞത്. 30-ാം തീയതി 11 മണി മുതൽ 1-ാം തീയതിവരെയാണ് പരീക്ഷ. ഇതിനുമുമ്പും ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. നാല് സെറ്റ് ക്വസ്റ്റ്യൻ പേപ്പേഴ്സ് ആണ് എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുവേണ്ടി തയാറാക്കുന്നത്. ഏതെങ്കിലും കാരണത്താൽ ഒരു ക്വസ്റ്റ്യൻ പേപ്പർ ഔട്ടായാൽ അതിനുവേണ്ടിയുള്ള ബദൽ സംവിധാനം, അതിനുവേണ്ടി ഏതാണ്ട് ഒരേ നിലവാരത്തിലുള്ള ക്വസ്റ്റ്യനാണ് വന്നിട്ടുള്ളത്. റാങ്കിനെ ബാധിക്കുന്ന പ്രശ്നം വന്നാൽ അതിന് വ്യക്തമായ ക്രമീകരണങ്ങൾ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാരണം ജോഗ്രഫി, ഹിസ്റ്ററി വിഷയങ്ങളാണ്. അപ്പോൾ ജോഗ്രഫിയിൽ കിട്ടിയ മാർക്കും ഈ മാർക്കുമൊക്കെ നോക്കിയാൽ ചില കാര്യങ്ങൾ ചെയ്യാൻ കഴിയും. അത്തരം കേസ്സുകൾ അധികം ഉണ്ടാകുമെന്ന് തോന്നുന്നില്ല. എനിക്ക് കിട്ടിയ റിപ്പോർട്ട് മുഴുവൻ വസ്തുതാപരമായിരിക്കണമെന്നില്ല. തീർച്ചയായും ഈ ഹർത്താൽ ഒരു മറയായി സ്വീകരിച്ച് ക്ലാസ്സിൽ ഏറ്റവും മോശമായ കുറെ കുട്ടികൾ എഴുതാതെ ഇരുന്നിട്ടുണ്ട്. നല്ല കഴിവുള്ള കുട്ടികൾക്കും ഒരുപക്ഷെ എഴുതാൻ കഴിയാതെ വന്നിട്ടുണ്ട്. അത്തരം കേസ്സുകൾ വന്നാൽ പരിഗണിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : അന്നേദിവസം സ്കോളർഷിപ്പിന്റെ ഒരു പരീക്ഷകൂടി നടന്നു.

ശ്രീ. പി. ജെ. ജോസഫ് : സ്കോളർഷിപ്പ് പരീക്ഷയെ സംബന്ധിച്ച് ഒന്നുകൂടി അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly